# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1755 31/01/2018-ൽ മറുപടിക്ക്

## ഓരോ പഞ്ചായത്തിലും അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **(ശ്രീ. ആന്റണി ജോൺ)** | **ഡോ.കെ.റ്റി.ജലീൽ**<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |
| (എ) ഒരു അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഒന്നിലധികം ഗ്രാമ പഞ്ചായത്തുകളുടെ ചുമതല നൽകുന്നതുമൂലം പഞ്ചായത്തുകളുടെ പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതും വിവിധ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലായതുമൂലം ഫലത്തിൽ ഒരു പഞ്ചായത്തിനും അസിസ്റ്റന്റ് എൻജിനീയറുടെ മേൽ നിയന്ത്രണമില്ലാതാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) തദ്ദേശസ്വയംഭരണ (എൻജിനീയറിംഗ്) വകുപ്പിൽ അസി.എൻജിനീയർമാരുടെ അഭാവം മൂലം, ഒരു അസി.എഞ്ചിനീയർക്ക് ഒന്നിലധികം ഗ്രാമപഞ്ചായത്തുകളുടെ ചുമതല നൽകേണ്ടി വരുന്നത് മൂലം പദ്ധതി നടത്തിപ്പിൽ ചില കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാരണത്താൽ, പഞ്ചായത്തുകൾക്ക് അസി.എൻജിനീയർമാരുടെ മേൽ നിയന്ത്രണമില്ലാതാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഓരോ പഞ്ചായത്തിനും ഓരോ അസിസ്റ്റന്റ് എൻജിനീയറെ അനുവദിക്കുന്നതിനും പഞ്ചായത്ത് എൻജിനീയർ എന്ന നിലയിൽ പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ;<br><br>(സി) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ? | (ബി) & (സി) ഓരോ പഞ്ചായത്തിലും ഓരോ അസി.എഞ്ചിനീയറെ നിയമിക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം എഞ്ചിനീയറിംഗ് വിഭാഗത്തെ പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**